ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.03.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രാസരഹിത കൃഷിരീതികൾ രാജ്യത്ത് ശക്തമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ കേന്ദ്ര സർക്കാർ നിരന്തര നടപടികൾ സ്വീകരിച്ചു വരികയാണെന്നും പ്രധാനമന്ത്രി.

**Prime Minister Narendra Modi stressed on the need to strengthen chemical-free farming and natural farming with focus on exports . While addressing a post budget webinar, PM said that the government has consistently taken several steps to strengthen the agriculture sector**

2) അസമിൽ സുഖോയ്-30 MKI യുദ്ധവിമാനം തകർന്നു വീണ് രണ്ട് വ്യോമസേന പൈലറ്റുമാർക്ക് വീരമൃത്യു. അപകടത്തിൽ ദുഖം രേഖപ്പെടുത്തി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.

Defence Minister Rajnath Singh today expressed grief over the loss of Squadron Leader Anuj and Flight Lieutenant Purvesh Duragkar in the tragic Su-30 crash.

3) പശ്ചിമേഷ്യൻ സംഘർഷം ഏഴാം ദിവസവും രൂക്ഷമായി തുടരുന്നു. സംഘർഷ സാഹചര്യത്തിൽ പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചു.

The West Asia conflict continues intensely for the seventh day. Kerala CM Pinarayi Vijayan,, wrote to the Prime Minister regarding the difficulties faced by expatriates due to the conflict.

4) ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്ന തീരുമാനങ്ങളാണ് ഇന്ത്യ സ്വീകരിച്ചു വരുന്നതെന്ന് റെയ്സിന ഡയലോഗിൽ വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ്ങ്

At the Raisina Dialogue, Minister of State for External Affairs Kirti Vardhan Singh said that India's decisions are guided by national interests and are not aligned with any single bloc.

5) കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രക്രിയ രാജ്യത്തിനാകെ മാതൃകയാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ

**Chief Election Commissioner Gyanesh Kumar said that the legislative assembly election process in Kerala will become a model for the entire country.**

6) **വയനാട് തുരങ്കപാത നിർമ്മാണത്തിന് തുടക്കമായി. ആദ്യ ബ്ലാസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്തു.**

**The construction of the Wayanad Tunnel Road Project has begun today. Chief Minister Pinarayi Vijayan switched on the first blast to mark the start of the project.**

❁❁❁❁❁❁❁❁❁❁❁❁❁

**PM – WEBINAR AGRICULTURE(INTRO)**

രാസരഹിത ജൈവ കൃഷിരീതികൾ രാജ്യത്ത് ശക്തമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ വർഷത്തെ കേന്ദ്ര ബജറ്റ് കൃഷിക്കും ഗ്രാമീണ പരിവർത്തനത്തിനും ശക്തി പകരുന്നതായും ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നിരന്തര നടപടികൾ സ്വീകരിച്ചു വരികയാണ്. ഭക്ഷ്യധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ ഉത്പാദനത്തിൽ രാജ്യം റെക്കോർഡ് വളർച്ച കൈവരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു

(ഹോൾഡ് വോയിസ് )

കശുവണ്ടി, നാളികേരം, ചന്ദനം, ബദാം, വാൽനട്ട് എന്നിവയുടെ കാർഷിക സാധ്യതകളാണ് കൃഷിയും, ഗ്രാമീണ പരിവർത്തനവും എന്ന വിഷയത്തിൽ നടന്ന വെബിനാർ പ്രധാനമായും പരിശോധിച്ചത്.

## RAJNATH – CONDOLENCE

അസമിൽ സുഖോയ്-30 MKI യുദ്ധവിമാനം തകർന്നു വീണ് രണ്ട് വ്യോമസേന പൈലറ്റുമാർക്ക് വീരമൃത്യു. സ്ക്വാഡ്രൺ ലീഡർ അനുജിന്റെയും, ഫ്ലൈറ്റ് ലെഫ്റ്റനന്റ് പർവേഷ് ദുരഗ്കറിന്റെയും വിയോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ദുഃഖം രേഖപ്പെടുത്തി. ജോർഹട്ട് വ്യോമതാവളത്തിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ അകലെ കർബി ആംഗ്ലോങ് ജില്ലയിൽ പതിവ് പരിശീലന ദൗത്യത്തിനിടെ ഇന്നലെ രാത്രിയാണ് സുഖോയ്-30 യുദ്ധവിമാനം തകർന്നുവീണത് . വീരമൃത്യു വരിച്ച ഉദ്യോഗസ്ഥരുടെ ധൈര്യവും സേവന മനോഭാവവും സദാ ഓർമ്മിക്കപ്പെടുമെന്ന് ശ്രീ രാജ്നാഥ് സിംഗ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

## WEST ASIA CONFLICT

പശ്ചിമേഷ്യൻ സംഘർഷം ഏഴാം ദിവസവും രൂക്ഷമായി തുടരുന്നു. ഇറാനെതിരെ അമേരിക്കയും ഇസ്രയേലും സംയുക്ത വ്യോമാക്രമണം തുടരുമ്പോൾ, ഇറാൻ

മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് തിരിച്ചടി ശക്തമാക്കി. പശ്ചിമേഷ്യയിലെ ഏറ്റവും വലിയ അമേരിക്കൻ സൈനിക താവളമായ ദോഹ അൽ-ഉദൈദ് വ്യോമതാവളത്തെ ലക്ഷ്യം വച്ചുള്ള ഡ്രോൺ ആക്രമണം വിജയകരമായി പ്രതിരോധിച്ചതായി ഖത്തർ പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. മനാമയിലെ രണ്ട് പാർപ്പിട സമുച്ചയങ്ങളിലടക്കം ഇറാൻ ആക്രമണം നടത്തിയതായി ബഹറൈൻ അറിയിച്ചു . ഇറാൻ മിസൈലുകളെയും, ഡ്രോണുകളെയും വ്യോമ പ്രതിരോധ സംവിധാനത്തിലൂടെ തടഞ്ഞതായി യു എ ഇ വ്യക്തമാക്കി. ലെബനൻ സായുധ വിഭാഗമായ ഹിസ്ബുള്ളയുടെ ബെയ്റൂട്ടിലെ ആസ്ഥാനം തകർത്തതായി ഇസ്രായേൽ വ്യോമസേന അറിയിച്ചു. ഹിസ്ബുള്ള കമാൻഡർ സെയ്ദ് അലി ജുമയെ വധിച്ചതായും ഇസ്രായേൽ വ്യക്തമാക്കി. അതിനിടെ, ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്സ് കോർപ് ആയുധം വച്ച് കീഴടങ്ങണമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ആവശ്യപ്പെട്ടു. എന്നാൽ യുഎസ് ഭരണകൂടവുമായി ഇറാൻ ചർച്ച നടത്തുന്നതിനിടെയാണ് ആക്രമണം ഉണ്ടായതെന്നും, യുദ്ധത്തിനായി രാജ്യം തയ്യാറാണെന്നും ഇറാൻ വിദേശകാര്യ മന്ത്രി സയ്ദ് അബ്ബാസ് അരാഗ്ചി പ്രതികരിച്ചു.

## CM-PM-LETTER

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ വിവിധ രാജ്യങ്ങളിലെ പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. ഗൾഫ് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്കുള്ള വിമാനസർവീസുകളിൽ തടസം നേരിട്ടതോടെ മലയാളികൾ ഉൾപ്പടെയുള്ളവർ കുടുങ്ങിക്കിടക്കുകയാണെന്ന് കത്തിൽ വ്യക്തമാക്കുന്നു. രോഗികളും , വയോജനങ്ങളും ഉൾപ്പടെ അടിയന്തരമായി നാട്ടിലെത്തേണ്ടവർക്ക് പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തണമെന്നും ഈ സമയത്തെ അമിത വിമാനക്കൂലി നിയന്ത്രിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

## KIRTI VARDHAN-RAISINA (INTRO)

ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്ന തീരുമാനങ്ങളാണ് ഇന്ത്യ സ്വീകരിക്കുന്നതെന്നും, സംഭാഷണത്തിനും നയതന്ത്രത്തിനുമാണ് രാജ്യം ഊന്നൽ നൽകുന്നതെന്നും വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ്. റെയ്സിന ഡയലോഗ് 2026 ലെ രണ്ടാം ദിന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാരിടൈം രംഗത്തെ സുസ്ഥിര വളർച്ച ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

**US OIL WAIVER**

ആഗോള ഊർജ്ജ വിപണിയിലെ സ്ഥിരത ഉറപ്പാക്കുന്നതിനായി, റഷ്യൻ എണ്ണ വാങ്ങാൻ ഇന്ത്യയ്ക്ക് 30 ദിവസത്തെ ഇളവ് അനുവദിച്ച് അമേരിക്ക. യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബസൻറ് ആണ് ഇക്കാര്യം പ്രഖ്യാപിച്ചത്. അന്താരാഷ്ട്ര ചരക്ക് നീക്ക മേഖലയിലെ നിലവിലെ അനിശ്ചിതത്വം കാരണം കടലിൽ കുടുങ്ങിക്കിടക്കുന്ന റഷ്യൻ എണ്ണ വാങ്ങുന്നതിനായാണ് നടപടി. ഈ ചരക്കു നീക്കം സുഗമമാക്കുന്നതിലൂടെ ആഗോള വിപണി സുസ്ഥിരമാക്കാനും ഇന്ത്യയുടെ ഊർജ്ജ സുരക്ഷയ്ക്ക് സഹായം നൽകാനുമാണ് യുഎസിൻറെ തീരുമാനം.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION COMMISSION(INTRO)**

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രക്രിയ രാജ്യത്തിന് മാതൃകയാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. കൊച്ചിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്... സിഇസി...)

നിയമസഭാ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താനായി കേരളത്തിലെത്തിയ

ശ്രീ ഗ്യാനേഷ്കുമാർ, യുവ വോട്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കാനായി സംഘടിപ്പിച്ച പ്രചാരണ പരിപാടിയിൽ പങ്കെടുത്തു.

## TUNNEL-CM

വയനാട് തുരങ്കപാത നിർമ്മാണത്തിന് തുടക്കമായി. ആദ്യ ബ്ലാസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്തു.

വയനാട്-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന 8.73 കിലോമീറ്റർ ദൈർഘ്യമുള്ള ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത കേരളത്തിന്റെ സ്വപ്ന പദ്ധതികളിലൊന്നാണ്. ചടങ്ങിന് മന്ത്രി പി എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു.

## GOVERNOR APPOINTMENT

തമിഴ്നാട് ഗവർണർ ആർ.എൻ. രവിയെ പശ്ചിമ ബംഗാൾ ഗവർണറായി നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തമിഴ്നാട് ഗവർണറുടെ ചുമതല കൂടി വഹിക്കും. പശ്ചിമ ബംഗാൾ ഗവർണർ സി.വി. ആനന്ദ ബോസിന്റെ രാജിയും രാഷ്ട്രപതി

അംഗീകരിച്ചു. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയെ ലഡാക്കിന്റെ ലെഫ്റ്റനന്റ് ഗവർണറായി നിയമിച്ചു. തരൺജിത്ത് സിങ്ങ് സന്ധു ആണ് പുതിയ ഡൽഹി ലെഫ്റ്റനൻറ് ഗവർണർ. ബിഹാർ ഗവർണറായി ആരിഫ് മുഹമ്മദ് ഖാന് പകരം മുൻ ലഫ്റ്റനൻറ് ജനറൽ സയ്ദ് അതാ ഹസ്നൈനെയാണ് നിയമിച്ചിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**CBSE-EXAM CANCELLED**

പശ്ചിമേഷ്യൻ മേഖലയിൽ സിബിഎസ്ഇ നാളെ മുതൽ ഈ മാസം 11 വരെ നടത്താനിരുന്ന പത്താം ക്ലാസ് പരീക്ഷ റദ്ദാക്കി. 2, 5, 6 തീയതികളിലെ നേരത്തെ മാറ്റിവെച്ച പരീക്ഷകളും റദ്ദാക്കിയിട്ടുണ്ട്. പത്താം ക്ലാസ് പരീക്ഷ ഫല പ്രഖ്യാപനം സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കും. നാളത്തെ 12-ാം ക്ലാസ് പരീക്ഷയും സിബിഎസ്ഇ മാറ്റി വച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**RAJYASABHA**

രാജ്യത്തെ 10 സംസ്ഥാനങ്ങളിൽ ഒഴിവ് വന്ന 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് . ഈ മാസം 9 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. മാർച്ച് 16-ന്

നടക്കുന്ന തെരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനവും അന്നേ ദിവസം തന്നെ ഉണ്ടാവും.

## UTTARAKHAND YATRA REGISTRATION

ഉത്തരാഖണ്ഡിലെ അതിപ്രശസ്തമായ ചാർ ധാം യാത്രയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് ആരംഭിച്ചു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് , ടൂറിസ്റ്റ് കെയർ ഉത്തരാഖണ്ഡ് എന്ന മൊബൈൽ ആപ്പ് എന്നിവയിലൂടെ രജിസ്റ്റർ ചെയ്യാം.ചാർ ധാം യാത്ര അടുത്തമാസം 19 നാണ് ആരംഭിക്കുക. കേദാർനാഥ് ക്ഷേത്രത്തിന്റെ പോർട്ടലുകൾ ഏപ്രിൽ 22 നും ബദരീനാഥ് ക്ഷേത്രത്തിന്റെ പോർട്ടലുകൾ 23 നും തുറക്കും.

## SENSEX+GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 579 പോയിൻറ് ഇടിഞ്ഞ് 79,436 ലും നിഫ്റ്റി 157 പോയിൻറ് നഷ്ടത്തിൽ 24,608 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. പവന് 560 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 18 ആയിരത്തി 880 രൂപയും ഗ്രാമിന് 14 ആയിരത്തി 860 രൂപയുമാണ് ഇന്നത്തെ വില.

## ICC T-20

ഐസിസി ടി–20 ക്രിക്കറ്റ് ലോകകപ്പിൽ തുടർച്ചയായി കിരീടം നേടി ചരിത്രമെഴുതാൻ തയ്യാറെടുത്ത് ടീം ഇന്ത്യ. ഞായറാഴ്ച അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന കലാശപ്പോരാട്ടത്തിൽ ന്യൂസിലൻഡാണ് ഇന്ത്യയുടെ എതിരാളി. ഇന്നലെ മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ നടന്ന സെമിഫൈനലിൽ ഇംഗ്ലണ്ടിനെ കീഴടക്കിയാണ് ഇന്ത്യ ഫൈനലിലെത്തിയത്.